## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2595 09/05/2017-ൽ മറുപടിയ്ക്ക്

## ഹോർട്ടി കോർപ്പ് പച്ചക്കറികൾക്ക് ഇടനിലക്കാരെ ഒഴിവാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) ഹോർട്ടി കോർപ്പിന്റെ സ്റ്റാളുകളിൽ വിതരണം ചെയ്യുന്ന പച്ചക്കറികളെല്ലാം സംസ്ഥാനത്ത് ഉല്പാദിപ്പിച്ചതാണോ;<br><br>ബി) കേരളത്തിൽ ലഭിക്കാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;<br><br>സി) എങ്കിൽ എപ്രകാരമാണ് അത് വാങ്ങുന്നതെന്നും ഇതിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ? | എ) യും ബി) യും സി) യും ഹോർട്ടികോർപ്പിന്റെ പച്ചക്കറി സംഭരണം സുഗമമാക്കുന്നതിന് 4 റീജിയണായി തിരിച്ച് 4 റീജിയണൽ മാനേജർമാരെ കൃഷി വകുപ്പിൽ നിന്ന് നിയമിച്ചിട്ടുണ്ട്. റീജിയണൽ മാനേജർ, ഹോർട്ടികോർപ്പിലെയും വി.എഫ്.പി.സി.കെ-യിലെയും ഉദ്യോഗസ്ഥർ അടങ്ങുന്ന കമ്മിറ്റിയാണ് ഓരോ ജില്ലയിലും സംഭരണം നടത്തുന്നത്. ഇതിന്റെ ഏകോപനപരമായ പ്രവർത്തനങ്ങൾക്ക് കൃഷി വകുപ്പിൽ നിന്നും ഒരു ജനറൽ മാനേജരെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സംഘം സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലെ കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്തവ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നെല്ലാം കർഷകർക്ക് ന്യായമായ വില നൽകി ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് സംഭരിച്ച് വരുന്നു. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലെ |

(..........തുടരും)

കർഷക കൂട്ടായ്മകൾ ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, സ്വകാര്യ വിതരണക്കാർ എന്നിവരിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് സംഭരിച്ച് വിതരണം നടത്തിവരുന്നു. ഇങ്ങനെ ഒരു സംവിധാനം നിലവിലില്ലായിരുന്നു. ഇപ്രകാരം സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളിലൂടെയും ലൈസൻസി സ്റ്റാളുകളിലൂടെയും മൊബൈൽ വില്പന യൂണിറ്റുകളിലൂടെയും ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കിവരുന്നു.

സെക്ഷൻ ഓഫീസർ.